**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2010 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെ)

**(PERIODICAL REPORT** from 29th **JUNE 2010** to 31st **MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2011ഒക്ടോബർ 13-ാം തീയതി സമർപ്പിച്ചത്

(Presented on....13th............. October 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

(SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011)

പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

പീരിയോഡിക്കൽ റിപ്പോർട്ട്

(2010 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെ)

(PERIODICAL REPORT from 29th JUNE 2010 to 31st MARCH 2011)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

800/2011

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 17 |

# സബ്ജക്ട് കമ്മിറ്റി IV
## വ്യവസായവും ധാതുക്കളും (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്
ആരോഗ്യവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
സഹകരണ വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, മഞ്ഞളാംകുഴി അലി
,, എളമരം കരീം
,, സി. കൃഷ്ണൻ
,, സാജു പോൾ
,, വി. ശശി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി.
ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി.
ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി.
ശ്രീ. രാജു വൈ, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV (2010-2011)-ന്റെ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടം ഭേദഗതി ചെയ്തതനുസരിച്ച് സബ്ജക്ട് കമ്മിറ്റികളുടെ എണ്ണം 10-ൽ നിന്നും 14 ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. ആയതിൻ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 2010 ജൂൺ 28-ാം തീയതി പുനഃസംഘടിപ്പിച്ച വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV (2010-2011)-ൽ വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. എളമരം കരീം, സമിതി ചെയർമാനും സഹകരണവും കയറും വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരൻ, എക്സ് ഒഫിഷ്യോ അംഗവും, ശ്രീ. ആനത്തലവട്ടം ആനന്ദൻ, ശ്രീ. എൻ. അനിരുദ്ധൻ, ശ്രീ. ബാബു പ്രസാദ്, ശ്രീ. ബി. ഡി. ദേവസ്സി, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. പി. എം. എ. സലാം, ശ്രീ. വി. ശശികുമാർ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ എന്നിവർ അംഗങ്ങളുമായിരുന്നു. ടി സമിതി 14-5-2011-ന് പന്ത്രണ്ടാം നിയമസഭ പിരിച്ചുവിടുന്നതുവരെ തുടരുകയുണ്ടായി.

പ്രസ്തുത സമിതിയുടെ 2010 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 3 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ ഒരു യോഗം സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിഗണിക്കുന്നതിനും രണ്ട് യോഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 235 (1) (iii) അനുസരിച്ച് സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ചേർന്നത്. സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 53% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഭാഗം 2-ൽ സമിതി ചർച്ച ചെയ്ത വിഷയത്തെ

സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതി രൂപീകരിച്ച സബ്ജക്റ്റ് കമ്മിറ്റി-IV (2011-2013) 2011 ആഗസ്റ്റ് 22-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

തിരുവനന്തപുരം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IV.*

# റിപ്പോർട്ട്

## ഭാഗം I

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന XXXVII-ന്റെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി 2010 നവംബർ 24-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഒന്നാമത് റിപ്പോർട്ട് (2006-07)**

ശുപാർശ നമ്പർ 31

സംസ്ഥാന ധാതുസമ്പത്ത് സംരക്ഷിക്കുന്നതിനും അനധികൃത കരിമണൽ ഖനനം തടയുന്നതിനും ഇപ്പോൾ വകുപ്പിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാണ്. ആയതിനാൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും, അവർക്ക് വാഹനസൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനധികൃത കരിമണൽ ഖനനം തടയുന്നതിനും വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും 20-2-2010-ലെ ജി.ഒ. (ആർ.ടി) 205/10/വ്യവ. ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ല ആസ്ഥാനമായി സെൻട്രൽ സ്ക്വാഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.

**രണ്ടാമത് റിപ്പോർട്ട് (2007-08)**

ശുപാർശ നമ്പർ 48

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച റിയാബിന് പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 30 ലക്ഷം രൂപ തുലോം പരിമിതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പുനരുദ്ധാരണ പദ്ധതികൾ ത്വരിതപ്പെടുത്തുക, ഭരണ നിർവ്വഹണം സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങി നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റിയാബിന് പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിമൂലം 30 ലക്ഷം രൂപ മാത്രമാണ് അനുവദിക്കുവാൻ കഴിഞ്ഞത്.

<u>ശുപാർശ നമ്പർ 49</u>

റിയാബിന്റെ പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. റിയാബിന്റെ മേൽനോട്ടത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പദ്ധതികൾക്കും സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾക്കുമായി ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക റിയാബിന് അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട ട്രെയിനിംഗ് സൗകര്യം നൽകുന്നതിനായി സെന്റർ ഫോർ ട്രെയിനിംഗ് പ്രൊഫഷണൽ മാനേജേഴ്സ് ഓഫ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് എന്ന സ്ഥാപനം ഉണ്ടാക്കുന്നതിനുവേണ്ടി 2008-09 സാമ്പത്തിക വർഷത്തിൽ ലഭിച്ച 100 ലക്ഷം രൂപ Additional Central Assistance (ACA) ഇനത്തിലും, 100 ലക്ഷം രൂപ 2009-2010 സാമ്പത്തിക വർഷത്തിൽ State Scheme ഇനത്തിലും ബി.പി.ഇ-യുടെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി തുക വകയിരുത്തിയിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട്സ് 2852-80-003-98 (p) ആകുന്നു.

എന്നാൽ മുകളിൽ വിവരിച്ചിട്ടുള്ള (ACA) ഇനത്തിലുള്ള 100 ലക്ഷം രൂപ ഉൾപ്പെടെ ആകെ 200 ലക്ഷം രൂപ ട്രെയിനിംഗ് സെന്റർ പണിയുന്നതിന് പകരം ബി.പി.ഇ.യുടെ പരിധിയിൽ വരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാനേജീരിയൽ ലെവലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആയതിന് വേണ്ട ഭരണാനുമതി 31-7-2009-ലെ ജി.ഒ. (ആർ.ടി) നം.280/09/പ്ലാനിംഗ് പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ റിയാബ് സെക്രട്ടറി, കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ, കാംകോ മാനേജിംഗ് ഡയറക്ടർ, ടി.സി.സി.എൽ. മാനേജിംഗ് ഡയറക്ടർ അംഗങ്ങളായും ബി. പി. ഇ. ഡയറക്ടർ കൺവീനറായും ഒരു കമ്മിറ്റി (Committee for Capacity Building in Public Sector Enterprises) പ്രസ്തുത ട്രെയിനിംഗ് നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല 5-1-2010-ലെ ജി.ഒ. (ആർ.ടി) നം. 6/2010/പ്ലാനിംഗ് ഉത്തരവ് പ്രകാരം ബി.പി.ഇ.യുടെ നേതൃത്വത്തിൽ ആദ്യഘട്ട ട്രെയിനിംഗ് നടത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതുപയോഗിച്ച് തന്നെ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുവാനും തീരുമാനം ആയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ബി. പി. ഇ.യുടെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക റിയാബിന് അനുവദിക്കാൻ കഴിയാതിരുന്നത്.

**മൂന്നാമത് റിപ്പോർട്ട് (2008-09)**

<u>ശുപാർശ നമ്പർ 12</u>

ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി കെട്ടിടം പണി പൂർത്തിയാക്കുന്നതിനും ലാബ് സജ്ജീകരണങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 300 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

NCRMI-യുടെ ഉദ്ഘാടനം 28-10-2009-ന് നടന്നു. NCRMI കെട്ടിടം പണിക്കും റിസർച്ച് പദ്ധതികൾക്കുമായി 160.60 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അതിൽ 160 ലക്ഷം രൂപ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥാപനത്തിന് അനുവദിച്ചിരുന്നു. 2008-09 വർഷം 300 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല. 2009-10-ൽ 180 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 13

കയർ തൊഴിലാളികൾക്കുള്ള പെൻഷൻ പ്രതിമാസം 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനാൽ 3600 തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് ഈ വർഷം 864 ലക്ഷം രൂപ ആവശ്യമാണ്. കൂടാതെ മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക ഇനത്തിൽ നടപ്പു വർഷം ജനുവരി 31 വരെ 428 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ബോർഡിനു നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 492 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 വർഷം 200 ലക്ഷം രൂപ അധികമായി അനുവദിച്ചു. 2009-10 വർഷം 1000 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചു. 04/2009 മുതൽ 250 രൂപ പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. കൂടാതെ അധികവിഹിതമായി 380 ലക്ഷം രൂപ (200+180) കൂടി 2009-10-ൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 14

കയർഫെഡ്/പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കയർഫെഡിന്റെ പുനരുദ്ധാരണ പദ്ധതിക്കായി 2008-09 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയായ 200 ലക്ഷം രൂപ സ്ഥാപനത്തിന് അനുവദിച്ചു. പുനരുദ്ധാരണ പാക്കേജിന്റെ അന്തിമാനുമതിക്കുശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. 2009-2010 വർഷം 1750 ലക്ഷം രൂപ വകകൊള്ളിക്കാൻ ശുപാർശ ചെയ്തതിൽ 260 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 15

ഉത്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം:— ഈ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 വർഷം അനുവദിച്ച 50 ലക്ഷം രൂപ സംഘങ്ങൾക്ക് ഭാഗികമായി നൽകാൻ സാധിച്ചു. 2009-10 വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 16

കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിനായി ഒരു ജനകീയ കമ്പനി തുടങ്ങുമെന്ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ വർഷം 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം എന്ന പദ്ധതി ആരംഭിക്കുന്നതിനായി 2009-10-ൽ 200 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2008-09-ൽ തുക വകയിരുത്തിയിരുന്നില്ല.

ശുപാർശ നമ്പർ 17

പാരമ്പര്യേതര മേഖലയിൽ കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കേണ്ടത് കേരളത്തിലെ കയർ വ്യവസായത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. കൂടാതെ നിലവിൽ സ്ഥാപിക്കപ്പെട്ട പല മില്ലുകളും നവീകരിക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപയ്ക്ക് പകരം 400 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09-ൽ അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ 2009-10 വർഷം ഡീഫൈബറിംഗ് തുടങ്ങാനും ഉള്ളവ നവീകരിക്കാനും 10 കോടിയും തൊണ്ടു ശേഖരണത്തിന് 9 കോടിയും ഉൾപ്പെടെ ആകെ 19 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 18

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം തീരപ്രദേശത്ത് കെട്ടിടങ്ങൾ പണിയുകയും യന്ത്രങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. അതിനാൽ എൻ.സി.ഡി.സി.-യുടെ സ്കീം അനുസരിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ കയർ വ്യവസായത്തിന്റെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്ന ഒരു കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം കെട്ടിടങ്ങൾ കയർ വ്യവസായത്തിന്റെ ആവശ്യമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. കൂടാതെ സ്പിന്നിംഗ്, വീവിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ ഒറ്റത്തവണ അധിക കേന്ദ്രസഹായ പദ്ധതി പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ നിലവിലുള്ള ഇത്തരം കെട്ടിടങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് ഉപയോഗയോഗ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശുപാർശ നമ്പർ 36

വെള്ളകക്ക കൊണ്ടുവരുന്നതിന് 150 ടൺ ശേഷിയുള്ള സ്റ്റീൽ ബാർജ്, ബോൾമിൽ, ക്രഷർ എന്നിവ മാറ്റി സ്ഥാപിക്കൽ, അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യാനുള്ള ജെ.സി.ബി ഇലക്ട്രിക് ഓവർ ഹെഡ് ക്രെയിൻ, ഓട്ടോമാറ്റിക് പാക്കിംഗ് യന്ത്രം, ഫർണസ് ഓയിലിൽ നിന്ന് പെറ്റ് കോക്കിലേക്കുള്ള ഇന്ധന മാറ്റചെലവ് എന്നീ ആവശ്യങ്ങൾ സർക്കാരിന്റെ അനുകൂല പരിഗണനയ്ക്കും സാമ്പത്തിക സഹായ വിതരണത്തിനുമായി സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 ധനകാര്യ വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും, നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ അപര്യാപ്തതമൂലം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് ധനസഹായമൊന്നും നൽകുവാൻ കഴിഞ്ഞിട്ടില്ല.

**നാലാമത് റിപ്പോർട്ട് (2009-2010)**

ശുപാർശ നമ്പർ 5

കൈത്തറി വ്യവസായങ്ങൾ കൈത്തറി തുണി വില്പനയിലെ റിബേറ്റ്

റിബേറ്റിനത്തിൽ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്/ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കുമായി 2008-09 വരെ 7 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ആയതിനാൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്റ്റേറ്റ് റിബേറ്റ് ഇനത്തിൽ ഇപ്പോൾ കുടിശ്ശികയില്ല. കേന്ദ്ര റിബേറ്റ് ഇനത്തിലുള്ള കുടിശ്ശിക ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശുപാർശ നമ്പർ 6

ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് എൻ.സി.ഡി.സി.-യുടെ ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് അതിന്റെ സംസ്ഥാന വിഹിതം നൽകുവാനുള്ള തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി 2009-10 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിരുന്നത് മലപ്പുറം, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഈ മില്ലുകളുടെ പുനരുദ്ധാരണത്തിനായി അവശേഷിക്കുന്ന സർക്കാർ വിഹിതമായ 837 ലക്ഷം രൂപ 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 32

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ്

കോർപ്പറേഷന് മൊത്തം 970.78 ലക്ഷം രൂപ താഴെപ്പറയും പ്രകാരം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | |
|---|---|
| റിബേറ്റ് | - 553.79 ലക്ഷം |
| മാർക്കറ്റിംഗ് ഇൻസെന്റീവ് തടഞ്ഞുവച്ചത് | - 354.21 ലക്ഷം |
| മാർക്കറ്റിംഗ് ഇൻസെന്റീവ് 2008-09 ഹാങ്കയാൺ | - 58.50 ലക്ഷം |
| സബ്സിഡി 2008 | - 4.28 ലക്ഷം |
| ആകെ | 970.78 ലക്ഷം |

സ്വീകരിച്ച നടപടി

കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം ഹാൻവീവിന് അർഹതപ്പെട്ട സ്പെഷ്യൽ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള എല്ലാ തുകയും അനുവദിച്ചുകൊടുത്തിട്ടുണ്ട്.

ശുപാർശ നമ്പർ 33

2851-00-106-95—വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചാരണവും

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ

കയർ ഉല്പന്നങ്ങളുടെ വിപണനം വികസിപ്പിക്കുന്നതിനാവശ്യമായ ഷോറൂമുകൾ സ്ഥാപിക്കുന്നതിനും കച്ചവട മേളകൾ, പ്രദർശനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായിട്ടാണ് പ്രസ്തുത തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ ഹെഡിൽ 145 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

145 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥനകൾക്കുള്ള (SDG) ശുപാർശ നൽകിയെങ്കിലും അംഗീകരിക്കുകയുണ്ടായില്ല. എന്നാൽ 2010-11 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ശുപാർശ നമ്പർ 34

2851-00-106-93—ക്ഷേമനടപടികൾ

ബഡ്ജറ്റ് വിഹിതം : 10 കോടി

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമ പദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2009-10-ലെ ബഡ്ജറ്റിൽ ക്ഷേമപദ്ധതി പെൻഷൻ 250 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ 2008-09-ലെ പെൻഷൻ കുടിശ്ശിക തീർക്കാനും 2009-10-ലെ പെൻഷൻ നൽകാനും മറ്റ് ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും അനുവദിച്ച തുക അപര്യാപ്തമാണ്. അതിനാൽ ഈ ഹെഡിൽ 10 കോടി രൂപ കൂടി അധികമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

1000 ലക്ഷം പെൻഷൻ നൽകുന്നതിലേക്കായി അധികമായി വകയിരുത്തുന്നതിനുള്ള ശുപാർശ SDG-ക്ക് സമർപ്പിച്ചെങ്കിലും ആയത് ലഭിക്കുകയുണ്ടായില്ല. എന്നാൽ ഈ പദ്ധതിക്കായി 380 ലക്ഷം രൂപ അധികമായി additional authorisation മുഖാന്തിരം അനുവദിച്ചു. കൂടാതെ 284.24 ലക്ഷം രൂപ reappropriation മുഖാന്തിരവും ലഭിക്കുകയുണ്ടായി. ആകെ 2009-10 വർഷം 1664.24 ലക്ഷം രൂപ ചെലവഴിച്ചു. 2010-11 വർഷം 1300 ലക്ഷം രൂപയും കൂടാതെ 826.31 ലക്ഷം രൂപ SDG വഴിയും ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ 2010 മാർച്ച് 31 വരെയുള്ള പെൻഷൻ കൊടുത്ത് തീർത്തിട്ടുണ്ട്.

### ശുപാർശ നമ്പർ 35

2851-00-106-62—കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

നവീകരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കയർ കമ്മീഷൻ റിപ്പോർട്ടിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സമയബന്ധിതമായി സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കയർ വ്യവസായത്തിനാവശ്യമായ എല്ലാതരത്തിലുള്ള യന്ത്രങ്ങളും നിർമ്മിക്കുന്നതിനായി ആലപ്പുഴയിൽ ഒരു ഫാക്ടറി സ്ഥാപിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പദ്ധതികളെല്ലാം നടപ്പിലാക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയ്ക്ക് പുറമേ 30 കോടി രൂപ എങ്കിലും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

SDG-ക്ക് 30 കോടി രൂപ അധികമായി അനുവദിക്കുന്നതിലേക്കായി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുവദിച്ചില്ല. 2010-11 വർഷം 1000 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 36</u>

2851-00-106-56—<u>സ്വകാര്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം</u>

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ

പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

100 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനുള്ള ശുപാർശ SDG-ക്ക് സമർപ്പിച്ചെങ്കിലും അനുവദിച്ചിട്ടില്ല. എന്നാൽ reappropriation വഴി 65 ലക്ഷം രൂപ അധികമായി ലഭിച്ചു. ആകെ 89,99,980 രൂപ ചെലവഴിക്കുകയും ചെയ്തു. 2010-11 സാമ്പത്തിക വർഷം 250 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 37</u>

2851-00-106-41—<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന/കയർഫെഡ് പുനഃസംഘടിപ്പിക്കുന്നത്</u>

ബഡ്ജറ്റ് വിഹിതം : 2 കോടി 60 ലക്ഷം രൂപ

കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടിട്ടുള്ള പദ്ധതിയാണിത്. ടി ഹെഡിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതിയിൽ 15 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള ശുപാർശ SDG-ക്ക് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. 2010-11 വർഷം 700 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 38</u>

2851-00-110-61—<u>കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

2006-07, 2008-09 എന്നീ വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം കയർ സഹകരണ സംഘങ്ങൾക്കെല്ലാം അർഹമായ തുക പൂർണ്ണമായും നൽകിയിരുന്നില്ല. ഇത് പൂർണ്ണമായും നൽകാൻ കൂടുതൽ തുക വേണ്ടി വരും. സഞ്ചിത നഷ്ടം എഴുതിത്തള്ളാൻ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. ഇത് പ്രകാരം സംഘങ്ങൾക്ക് മറ്റ് ധനകാര്യ സ്ഥാപനങ്ങളിലുള്ള വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുവാൻ സർക്കാർ ധനസഹായം നൽകേണ്ടതുണ്ട്. ഇതിനു തുക വേണ്ടതുണ്ട്. അതിനാൽ ഈ ഹെഡിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10 കോടി രൂപ ഈ പദ്ധതിപ്രകാരം അനുവദിക്കണമെന്ന ശുപാർശ SDG-ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. എന്നാൽ reappropriation വഴി 494.30 ലക്ഷം രൂപ അധികമായി ലഭിച്ചു. ആകെ 594.30 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നടപ്പുസാമ്പത്തിക വർഷം 709 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 39

2851-00-106-33—കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

കയർ തൊഴിലാളികൾക്ക് സമഗ്രമായ കടാശ്വാസ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ആദ്യഘട്ടം 5 കോടി രൂപയെങ്കിലും വേണ്ടി വരും. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ ഹെഡിൽ കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി എന്നത് ചെറുകിട കയർ ഉല്പാദകർക്ക് എന്നാക്കി മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പദ്ധതിയുടെ പേർ കയർ കടാശ്വാസ പദ്ധതി എന്നാണ് അറിയപ്പെടുന്നത്. ഈ പദ്ധതിക്കായി 300 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ SDG-ക്ക് നൽകിയെങ്കിലും അനുമതി ലഭിച്ചില്ല. 2009-10 വർഷം 164.74 ലക്ഷം രൂപയുടെ അപേക്ഷകളിന്മേലുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. 2010-11 വർഷം 300 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം അർഹത ചെറുകിട കയർ ഉല്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കുമാണ്.

ശുപാർശ നമ്പർ 40

2851-00-106-36—കേരള സംസ്ഥാന കയർ കോർപ്പറേഷനിൽ നിന്നും കയറ്റുമതിക്കാർ വാങ്ങുന്ന കയർ ഉല്പന്നങ്ങൾക്കുമുള്ള റിബേറ്റ്

ബഡ്ജറ്റ് വിഹിതം : ഇല്ല.

ഈ ഹെഡിൽ 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. റിബേറ്റ് 7.5% ആയി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 5 കോടി രൂപയെങ്കിലും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

PPSS പദ്ധതിയിൽ മറ്റ് കാര്യങ്ങൾ ഉൾപ്പെടെ 5 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ SDG ആയി സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. 2010-11 വർഷം PPSS പദ്ധതിയ്ക്കായി പ്രത്യേകം ശീർഷകം അനുവദിച്ചിട്ടില്ല. PPSS പദ്ധതി വില വ്യതിയാന ഫണ്ടിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന് 2010-11 വർഷം 10 കോടി വകയിരുത്തിയിട്ടുണ്ട്. 2010-11 വർഷം PPSS പദ്ധതി പ്രകാരം 3 കോടി രൂപ കയർ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 41

2851-00-106-75—കയർ മേഖലയിൽ ഗവേഷണവും വികസനവും

ബഡ്ജറ്റ് വിഹിതം : 1 കോടി 80 ലക്ഷം രൂപ

നാഷണൽ കയർ മാനേജ്മെന്റ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (NCRMI) 1 കോടി 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2009-2010-ൽ ഗസ്റ്റ് ഹൗസ് നിർമ്മാണം, ഉപകരണങ്ങൾ വാങ്ങൽ, ലൈബ്രറി സജ്ജീകരണം എന്നിവ പൂർത്തിയാക്കണമെന്നതിനാൽ 2.5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

250 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. 2010-2011 വർഷം 225 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 42

2851-00-106-47—സംഭരണ വില നിയന്ത്രിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : ഇല്ല

ഈ ഹെഡിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

5 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയെങ്കിലും അനുമതി ലഭിച്ചില്ല. 2010-2011 വർഷം ഈ പദ്ധതി വില വ്യതിയാന പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ ആവശ്യങ്ങൾക്കായി ഈ പദ്ധതിയിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 43

സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഫലമായി പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന തകർച്ച നേരിടാൻ ബഡ്ജറ്റ് Restructure ചെയ്യേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇന്ന് മാർക്കറ്റിംഗ് രംഗത്ത് മാറ്റിംഗ്സിനു പകരം വേറെ ചില ഉല്പന്നങ്ങളാണ് വന്നിരിക്കുന്നത്. കയർ മേഖലയിൽ മോഡേണൈസേഷൻ നടപ്പിലാക്കിയെങ്കിൽ മാത്രമേ കയർ വ്യവസായത്തിന് ഈ രംഗത്ത് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളൂ. ഓരോ വർഷവും ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക തുക വകയിരുത്തിയതു കൊണ്ടുമാത്രം Restructure നടപ്പിലാക്കാൻ സാധിക്കുകയില്ല. കയറ്റുപായയുടെ ഉല്പാദനം ഇല്ലാതെ വന്നപ്പോൾ കയറ്റുപായയ്ക്കു ആവശ്യമായ കയർ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ജില്ലകളായ തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ നിന്ന് കയറിന് ഡിമാന്റ് ഇല്ലാതെ ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലില്ലാത്ത അവസ്ഥയിലാണ്. ഈ കയർ, ഡിസ്ട്രസ് പർച്ചെയ്സ് സ്കീമിൽപ്പെടുത്തി വാങ്ങുന്നതിന് ആവശ്യമായ തുക

റീ അലോക്കേറ്റ് ചെയ്യണം. മാത്രമല്ല കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന കയറിന് കയർഫെഡ് വഴി വില വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഡിസ്ട്രസ് പർച്ചെയ്സ് പദ്ധതിപ്രകാരം 500 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയെങ്കിലും അനുമതി ലഭിച്ചില്ല. വില വ്യതിയാന പദ്ധതി പ്രകാരം 10 കോടി രൂപ 2010-2011 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഡിസ്ട്രസ് പർച്ചെയ്സ് പദ്ധതിപ്രകാരം നൽകുന്നതിനും വിനിയോഗിക്കാവുന്നതാണ്.

## ശുപാർശ നമ്പർ 44

കയർ കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്ന ശുപാർശകൾ നടപ്പിലാക്കാനുള്ള നടപടി ആരംഭിച്ച് ബഡ്ജറ്റിൽ അതിനുള്ള സംഖ്യ നീക്കി വച്ചിട്ടുണ്ടെങ്കിലും പുനഃരുദ്ധാരണം എന്ന ഹെഡിലാണ് ഗ്രാറ്റ്യുവിറ്റി പെൻഷൻ, ത്രിഫ്റ്റ്, ഷെയർ തിരിച്ചുകൊടുക്കൽ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ 40 വർഷത്തോളം ജോലി ചെയ്ത് പിരിഞ്ഞു പോയവർക്ക് അവരുടെ ഷെയർ തിരിച്ചു കൊടുക്കാൻ ആവശ്യമായ സംഖ്യ വകയിരുത്തിയിട്ടില്ല. 10 കോടി രൂപയെങ്കിലും ഇതിനായി വേണ്ടി വരും. ജീവനക്കാരുടെ ഗ്രാറ്റ്യുവിറ്റി തിരിച്ചു കൊടുക്കാൻ 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതിനായി 10 കോടി രൂപയെങ്കിലും നീക്കിവെച്ച് 6 മാസത്തിനുള്ളിൽ ഇവർക്ക് തുക തിരിച്ചുകൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റ്യുവിറ്റി എന്നിവ തിരികെ നൽകുന്നതിലേക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന പ്രൊപ്പോസൽ SDG-ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. 2010-2011-ലും പുനരുദ്ധാരണ പദ്ധതിയുടെ ശീർഷകത്തിൽ നിന്നാണ് ത്രിഫ്റ്റ്/ഷെയർ/ഗ്രാറ്റ്യുവിറ്റി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നത്. 2010-2011 വർഷം പുനരുദ്ധാരണ പദ്ധതിയിൽ 709 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2009-2010 വർഷം 594.30 ലക്ഷം രൂപയും 2010-2011 വർഷം 375.11 ലക്ഷം രൂപയും ഉൾപ്പെടെ ത്രിഫ്റ്റ്/ഷെയർ/ഗ്രാറ്റ്യുവിറ്റി ഇവ നൽകുന്നതിന് ആകെ 969.40 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ സംഘം ജീവനക്കാരുടെ ക്ഷേമപദ്ധതിക്കായി 50 ലക്ഷം രൂപ 2854-00-106-64 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 45

ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 19 കോടി രൂപ divert ചെയ്ത് manufacturing unit-ഉം ഡീഫൈബറിംഗ് മില്ലും Ratt manufacturing unit-ഉം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

NCRMI-യുടെ ആഭിമുഖ്യത്തിൽ 205 മിനിഡീഫൈബറിംഗ് മെഷീൻ നിർമ്മിച്ച് സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയറിലെ യന്ത്രസാമഗ്രികൾ നിർമ്മിക്കാനുള്ള ഫാക്ടറി തുടങ്ങാൻ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടത്തിൽ 100 മെഷീനുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ 2009-2010 വർഷം ഡീഫൈബറിംഗ് മെഷീൻ സ്ഥാപിക്കൽ പ്രകാരം തൊണ്ട് സംഭരണം ഉൾപ്പെടെ ഉള്ളവയ്ക്കായി 1340.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, 2010-2011 വർഷം 1000 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 46

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

വെള്ളകക്ക കൊണ്ടുവരുന്നതിന് 150 ടൺ ശേഷിയുള്ള സ്റ്റീൽ ബാർജ് വാങ്ങുന്നതിന് 1.5 കോടി രൂപയും ബോൾ മിൽ, ക്രഷർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് 3 കോടി രൂപയും, അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ജെ.സി.ബി. വാങ്ങുന്നതിനായി 27 ലക്ഷം രൂപയും, ഇലക്ട്രിക്കൽ ഓവർ ഹെഡ് ക്രയിൻ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും, ഓട്ടോമാറ്റിക് പാക്കിങ് യന്ത്രം വാങ്ങുന്നതിന് 14 ലക്ഷം രൂപയും, ഫർണസ് ഓയിലിനു പകരം താരതമേന്യ വില കുറഞ്ഞ പെറ്റ് കോക്ക് എന്ന ഇന്ധനം വാങ്ങുന്നതിന് 5 കോടി രൂപയും ചേർത്ത് ആകെ 10 കോടി 6 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 60

കേരള സിറാമിക്സ് ലിമിറ്റഡ്

ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജിയുടെ റിപ്പോർട്ടിൻ പ്രകാരം നല്ല ക്ലേ ഉള്ള 4.8913 ഹെക്ടർ സ്ഥലം മൈനിംഗ് ആവശ്യത്തിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാരിനോട് അനുവാദം ചോദിച്ചിട്ടുണ്ട്. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനായി ടി സ്ഥലം ഏറ്റെടുക്കുന്നതിന് 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 61

കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

കെ.സി.സി.പി. യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടി 11 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചതിൽ 10 കോടി രൂപ മിത

വായ്പ ധനസഹായമായി ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത തുക പലിശ രഹിത വായ്പയായി ലഭിക്കുന്നതിന് ആവശ്യമായ തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>ശുപാർശ നമ്പർ 69</u>

<u>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്</u>

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2004-2006 കാലയളവിൽ പദ്ധതി നടത്തിപ്പിലൂടെ 25 ടൺ വീതം ശേഷിയുള്ള രണ്ട് പുതിയ പ്ലാന്റുകൾ 44 കോടി രൂപ മുടക്കി സ്ഥാപിക്കുകയുണ്ടായി. തത്ഫലമായി കമ്പനിക്ക് KIRF-ന്റെ വായ്പ അടയ്ക്കാൻ കഴിയാതെ വന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ KIRF-ന്റെ വായ്പ അടച്ചുതീർക്കുന്നതിനായി 43 കോടി രൂപ സർക്കാർ വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>ശുപാർശ നമ്പർ 70</u>

ടി.സി.സി.എൽ-ന്റെ കണക്ക് പ്രകാരം 17.31 കോടി രൂപയാണ് വൈദ്യുതി ബോർഡിലേക്ക് അടച്ചുതീർക്കാനുള്ളത്. എന്നാൽ വൈദ്യുതി ബോർഡ് 6-1-2003-ലെ ജി.ഒ (എംഎസ്.) നമ്പർ 4/2003/വ്യവ. എന്ന ഉത്തരവ് അംഗീകരിക്കാത്തത് കാരണം കമ്പനിയുടെ പ്രവർത്തനത്തെ ഇത് സാരമായി ബാധിച്ചതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കമ്പനി ലാഭകരമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>ശുപാർശ നമ്പർ 46, 60, 61, 69, 70 എന്നിവയിന്മേൽ സ്വീകരിച്ച നടപടി</u>

2009-2010 ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സാമ്പത്തിക സഹായമായി 4885-60-800-96 (P) എന്ന ശീർഷകത്തിൽ 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത 50 കോടി രൂപയിൽ വിവിധ കമ്പനികൾക്ക് ഇതിനകം നൽകിയ തുക കുറവ് വരുത്തിയാൽ ശേഷിക്കുന്നത് നാമമാത്രമാണ്. ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ 2009-2010 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച റിപ്പോർട്ടിൽ 46, 60, 61, 69, 70 എന്നീ ഖണ്ഡികകളിൽ യഥാക്രമം പരാമർശിക്കുന്ന ടി.സി.എൽ, കെ.സി.എൽ, കെ.സി.സി.പി.എൽ, ടി.സി.സി.എൽ എന്നീ കമ്പനികൾക്ക് തുക അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ 2009-2010-ലെ ബഡ്ജറ്റിലെ തുകയുടെ അപര്യാപ്തതമൂലം കഴിയുക യില്ലെന്ന വിവരം അറിയിക്കുന്നു.

<u>ശുപാർശ നമ്പർ 68</u>

<u>ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്</u>

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനിക ഫർണിച്ചറുകൾക്കുള്ള ഉല്പാദന യൂണിറ്റിന് വേണ്ടി 217 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ നടത്തിപ്പിന് ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത കമ്പനിയുടെ വൈവിദ്ധ്യവൽക്കരണത്തിന് ആവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ വഴി നൽകുവാൻ കഴിയില്ല എന്നും ധന പുനർവിനിയോഗം വഴി തുക കണ്ടെത്തണമെന്നുമാണ് ധനകാര്യവകുപ്പ് ഇക്കാര്യത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിന് ആവശ്യമായ തുക (217 ലക്ഷം രൂപ) റിഅപ്രോപ്രിയേഷൻ മുഖേന കണ്ടെത്തി റിപ്പോർട്ടു നൽകുവാൻ വ്യവസായ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ 2009-2010 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ സേവിംഗ്സിന്റെ അഭാവത്തിൽ റിഅപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്തുവാൻ കഴിയില്ല എന്ന് വ്യവസായവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2009-2010-ൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിന് ആവശ്യമായ തുക (217 ലക്ഷം രൂപ) നൽകുവാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ നമ്പർ 76

കിൻഫ്ര

കണ്ണൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ 2009-2010 ആദ്യം തന്നെ അധിക വകയിരുത്തൽ മുഖാന്തിരം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കണ്ണൂരിലെ നിഫ്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2009-2010 വർഷം 5.016 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 86

സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്

ടി കമ്പനിക്ക് spindle കളുടെ റിപ്പയർ ആന്റ് മെയിന്റനൻസ് പദ്ധതിക്കായി 3 കോടി 96 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ഈ ശുപാർശ സാമ്പത്തിക പരിമിതിമൂലം സർക്കാർ പരിഗണിക്കുക യുണ്ടായില്ല.

**അഞ്ചാമത് റിപ്പോർട്ട് (2010-2011)**

ശുപാർശ നമ്പർ 2

2861-00-103-95—കൈത്തറി തുണി വിൽപ്പനയിലെ റിബേറ്റ്

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന 10% റിബേറ്റ് നിർത്തലാക്കിയതിനാൽ അതുകൂടി സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നതുകൊണ്ട് ഇപ്പോൾ

അനുവദിച്ചിരിക്കുന്ന 4 കോടി രൂപ മതിയാകില്ല. ആയതിനാൽ റിബേറ്റ് ഇനത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന 10% റിബേറ്റ് നിർത്തലാക്കിയതിനാൽ അതുകൂടി സംസ്ഥാന സർക്കാർ വഹിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. എങ്കിലും ഈ സാമ്പത്തികവർഷം റിബേറ്റിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ മതിയാകുമെന്നതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 3

4851-00-195-94—ഫാക്ടറി/കുടിൽ വ്യവസായ മാതൃകയിലുള്ള പ്രാഥമികവും വ്യാവസായികവുമായ കൈത്തറി നെയ്ത്ത്

ബഡ്ജറ്റ് വിഹിതം : 76 ലക്ഷം രൂപ

ടി ഹെഡിലെ വിഹിതം തീരെ അപര്യാപ്തമാകയാൽ 5 കോടിയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്ക് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 76 ലക്ഷം രൂപ മതിയാവുന്നതാണ്.

ശുപാർശ നമ്പർ 4

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് ആകെ 702.56 ലക്ഷം രൂപ താഴെപ്പറയുംപ്രകാരം സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| റിബേറ്റ് സംസ്ഥാന വിഹിതം | : | 142.20 ലക്ഷം രൂപ |
| കേന്ദ്ര വിഹിതം | : | 66.29 ലക്ഷം രൂപ |
| മാർക്കറ്റിംഗ് ഇൻസെന്റീവ് തടഞ്ഞുവച്ചത് | : | 472.67 ലക്ഷം രൂപ |
| ഹാങ്ക്‌യാൺ സബ്സിഡി 2009-2010 | : | 21.40 ലക്ഷം രൂപ |
| | | 702.56 ലക്ഷം രൂപ |

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് ഇനി കേന്ദ്ര റിബേറ്റ് വകയിലുള്ള തുക മാത്രമേ നൽകാനുള്ളൂ. കേന്ദ്ര റിബേറ്റ് കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

ഭാഗം II

വയനാട് ജില്ലയിലെ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സമിതി 15-12-2010, 19-1-2011 എന്നീ തീയതികളിൽ യോഗം ചേർന്നു. പ്രസ്തുത യോഗങ്ങളിൽ വച്ച് വയനാട് ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം മുടങ്ങുവാനിടയാക്കിയ സാഹചര്യം, ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് വ്യവസായം, മൈനിംഗ് & ജിയോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തി.

ഹൈക്കോടതി വിധിക്കുശേഷം എത്ര ക്വാറികൾ അടച്ചുപൂട്ടി, മൈനിംഗ് ആന്റ് ജിയോളജിയുടെയും ഫയർഫോഴ്സിന്റെയുമൊക്കെ ലൈസൻസുണ്ടായിട്ടും ക്വാറികൾ അടച്ചുപൂട്ടാൻ കാരണമെന്താണ്. ഇതുമൂലം ക്വാറികളിലെ തൊഴിലാളി കൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വയനാട് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് ചർച്ചചെയ്ത് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച യോഗനടപടിക്കുറിപ്പുകൾ അനുബന്ധം III, IV ആയി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2011 ആഗസ്റ്റ് 22.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മറ്റി IV.*

അനുബന്ധം I

GOVERNMENT OF KERALA

**Abstract**

Industries Department—Establishment of Mining & Geology—Permanent sanction for seven District Offices—Creation of Central Mineral Squad—Shifiting of District Office at Alappuzha to Cherthala—Sanction accorded—Orders issued

**INDUSTRIES (A) DEPARTMENT**

G.O. (Rt.) No. 205/2010/ID. Dated, Thiruvananthapuram 20th February 2010

*Read* :—1. Lr. No. 4047/E1/07 dated 28-6-2007 and 26-12-2007 from the Director of Mining & Geology, Thiruvananthapuram.

2. Lr. No.4047/E1/07/dated 1-10-2008 from the Director of Mining & Geology, Thiruvananthapuram.

3. Lr. No. 8419/E1/06 dated 6-1-2009 from the Director of Mining & Geology, Thiruvananthapuram.

ORDER

The Director of Mining & Geology, as per the letter read as 1st paper above, has forwarded proposal for according permanent sanction for the District Offices at Pathanamthitta, Kottayam, Idukki, Thrissur, Malappuram, Waynad and Kasargod.

As per the letter read as 2nd paper above, the Director of Mining & Geology has proposed that the District Office at Alappuzha may be shifted to Cherthala. It was also proposed that a Central Mineral Squad may be created with Head Quarters at Thrissur by converting the Special Office at Cherthala.

As per the letter read as 3rd paper above, the Director of Mining & Geology has forwarded a proposal for providing uniform staff pattern in the District Offices and the Mineral Squads under the Department.

Government, after having examined the whole matter in detail are pleased to issue orders as follows :—

1. Permanent sanction is accorded for the District Offices at Pathanamthitta, Kottayam, Idukki, Thrissur, Malappuram, Wayanad and Kasargod.

2. A Central Mineral Squad is created with Head Quarters at Thrissur. The Special at Cherthala is abolished and the staff shall be deployed to the newly created Central Mineral Squad, Thrissur.

3. The District Office of Mining and Geology at Alappuzha is shifted to Cherthala with immediate effect.
4. Proposal for providing uniform staff pattern in the Department of Mining and Geology is declined.

By order of the Governor,

N. MAYADEVI,

*Joint Secretary to Government.*

To

The Director of Mining & Geology, Thiruvananthapuram.

The Accountant General (A&E) Audit, Kerala, Thiruvananthapuram.

The District Treasury Officers Pathanamthitta, Kottayam, Idukki.

Thrissur, Malappuram, Wayanad, Kasargod and Alappuzha.

Finance Department (vide U.O. 76540/Ind & PWA1/10/Fin dt.12-1-2010

Industries (A3) Dept. (vide File No. 12066/A3/09/ID)

Stock File/Office Copy.

അനുബന്ധം II

## 2010 നവംബർ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV 2010 നവംബർ 24-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വ്യവസായ വകുപ്പുമന്ത്രിയുമായ ശ്രീ. എളമരം കരീമിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ, എം.എൽ.എ.
2. ശ്രീ. എൻ. അനിരുദ്ധൻ, എം.എൽ.എ.
3. ശ്രീ. ബി. ബാബു പ്രസാദ്, എം.എൽ.എ.
4. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. വിജയമ്മ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എൽ. ശൈലജ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അൽകേഷ്കുമാർ ശർമ്മ, സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. പി. ആർ. ലൂയിസ്, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം & ടെക്സ്റ്റയിൽസ്
3. ശ്രീ. ജി. സതീഷ്ചന്ദ്രൻ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്
4. ശ്രീ. ജോസ്സിത് കുര്യൻ, അഡീഷണൽ ഡയറക്ടർ, കയർ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. സി. ബലരാമൻ, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അവയോടൊപ്പം ചേർത്തിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

(1) 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (ഫയൽ നമ്പർ 12345/സബ്.സി.ബി2/06/ലെജി.)

ഖണ്ഡിക 31

റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 31-ൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും അവർക്ക് വാഹനസൗകര്യം ലഭ്യമാക്കണമെന്നുള്ള ശുപാർശയിൽ തൃശ്ശൂർ ജില്ല ആസ്ഥാനമായി സെൻട്രൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചിട്ടുള്ള തെന്നും എത്ര ജീവനക്കാരെ നിയമിച്ചു എന്നതിന്റെയും വാഹനസൗകര്യം ഏർപ്പെടു ത്തിയിട്ടുണ്ടോ എന്നുള്ളതിന്റെയും വിശദവിവരങ്ങൾ മറുപടിയിൽ പറഞ്ഞിട്ടില്ലെന്നുള്ളത് സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറച്ചിരുന്നുവെന്നും പിന്നീട് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിട്ടും അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ലെന്നും സമിതി ചെയർമാൻ അറിയിക്കുകയുണ്ടായി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസ് ആലപ്പുഴയിൽ നിന്നും ചേർത്തലയിലേക്ക് മാറ്റി സ്ഥാപിച്ചതിനെക്കുറിച്ച് സമിതിയിൽ ചർച്ചയുണ്ടായി. സിലിക്കസാന്റിന്റെ അനധികൃത ഖനനം കൂടുതലുള്ളത് ചേർത്തയിലാണെന്നും അത് തടയാൻ വേണ്ടിയാണ് അങ്ങനെ ചെയ്തതെന്നും ചെയർമാൻ അറിയിച്ചു. എന്നാൽ ഈ നടപടിയിൽ സമിതിയംഗമായ ശ്രീ. ബി. ബാബു പ്രസാദ്, എം.എൽ.എ. വിയോജിപ്പ് പ്രകടിപ്പിച്ചു. വിശദമായ ചർച്ചകൾക്കുശേഷം റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(2) 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട് (ഫയൽ നമ്പർ 13672/സബ്.സി.ബി.2/07/ലെജി.)

ഖണ്ഡിക നമ്പർ 48, 49 എന്നിവയിലെ റിയാബിനെ സംബന്ധിച്ച ശുപാർശകളി ന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(3) 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട് (ഫയൽ നമ്പർ 16009/സബ്.സി.ബി.2/08/ലെജി.)

കയർ വകുപ്പിനെ സംബന്ധിച്ച ഖണ്ഡിക നമ്പർ 12, 13, 14, 15, 16, 17 എന്നിവയിലെ ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 18

എൻ.സി.ഡി.സി. യുടെ സഹായത്തോടെ തീരപ്രദേശത്ത് നിർമ്മിച്ച കെട്ടിടങ്ങൾ പലതും പ്രവർത്തനരഹിതമായി കിടക്കുകയാണെന്നും അവിടെ സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ ഉപയോഗശൂന്യമായി പോകുകയാണെന്നും സമിതിയിൽ ചർച്ച ചെയ്യപ്പെട്ടു. ഈ കെട്ടിടങ്ങളിൽ കയർ ക്ലസ്റ്റർ പദ്ധതിപ്രകാരം പ്രൊഡക്ഷൻ യൂണിറ്റുകൾ തുടങ്ങു മ്പോൾ സൊസൈറ്റിയുടെ വിഹിതമായി ഒരു നിശ്ചിത തുക കൊടുക്കണമെന്നും പുതിയ വീവിംഗ് യൂണിറ്റ് ഉണ്ടാക്കുന്നതിന് ക്ലസ്റ്റർ പദ്ധതിപ്രകാരം സഹായിക്കുമെന്ന് കയർ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ഐ.സി.ഡി.സി. യിൽ നിന്നും എൻ.സി.ഡി.സി. യിൽ നിന്നും സഹായം ലഭ്യമാക്കി കെട്ടിടം പണിത് മെക്കനൈസ്ഡ് റാട്ടുകൾ വാങ്ങിയെങ്കിലും പലതും തുരുമ്പെടുത്ത്

പ്രവർത്തനയോഗ്യമല്ലാതായിരിക്കുകയാണെന്നും അവ നന്നാക്കുന്നതിനും തൊഴിലാളികൾക്ക് വീണ്ടും അത് ഉപയോഗപ്രദമാക്കുന്നതിനുള്ള ധനസഹായം കിട്ടുന്നില്ലെന്നും ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി അവ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. ഇത് വളരെ ഗൗരവമേറിയ വിഷയമായതിനാൽ സഹകരണവും കയറും വകുപ്പുമന്ത്രിയുമായി ഈ വിഷയം സമിതി വീണ്ടും ചർച്ച ചെയ്യാമെന്ന് ചെയർമാൻ അറിയിച്ചു.

ഖണ്ഡിക 36

ട്രാവൻകൂർ സിമന്റ് ലിമിറ്റഡിനെ സംബന്ധിച്ച ഖണ്ഡിക 36-ലെ ശുപാർശയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

(4) 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (ഫയൽ നമ്പർ 11533/സബ്.സി.ബി2/09/ലെജി.)

ഖണ്ഡിക നമ്പർ 6, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 46, 60, 61, 68, 69, 70, 86 എന്നിവയിലെ ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 44

ഖണ്ഡിക നമ്പർ 44-ലെ ശുപാർശയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി ചർച്ച ചെയ്യവേ കയർ സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ എന്നും സംഘത്തിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുമോ എന്നും പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥ എന്താണ് എന്നുമുള്ള കാര്യങ്ങൾ സമിതി ആരായുകയും കയർ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് അഡീഷണൽ ഡയറക്ടർ താഴെപ്പറയും പ്രകാരം മറുപടി നൽകുകയും ചെയ്തു. സഹകരണ വകുപ്പിലെ ജീവനക്കാരുടെ കൂട്ടത്തിൽ കൈത്തറി, കയർ സംഘങ്ങളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി അതിന്റെ സംസ്ഥാനതല ഉത്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു. ആദ്യഘട്ടത്തിൽ 13 പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു നിശ്ചിത തുക അവരുടെ വിഹിതമായി സംഘത്തിലേക്ക് അടയ്ക്കേണ്ടതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് പെൻഷൻ ലഭിക്കും. സംഘത്തിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് അവരുടെ തസ്തിക രജിസ്ട്രാർ അംഗീകരിച്ചതും മറ്റുള്ളവരെപ്പോലെ വിഹിതവും അടയ്ക്കുകയാണെങ്കിൽ പെൻഷൻ ലഭിക്കും. 30 വർഷം സർവ്വീസുള്ള ഒരാൾ 22,000 രൂപ അടച്ചു കഴിഞ്ഞാൽ പെൻഷൻ ലഭിക്കും സഹകരണ വകുപ്പാണ് നോഡൽ ഏജൻസി. സഹകരണ സ്വാശ്രയ പെൻഷൻ ഫണ്ട് ബോർഡിലേതുപോലെയാണ് ഇത് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചർച്ചയ്ക്കുശേഷം പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 5, 32, 45, 76

ഖണ്ഡിക നമ്പർ 5, 32, 45, 76 എന്നിവയിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

(5) <u>2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്</u>

കൈത്തറി വ്യവസായത്തെ സംബന്ധിച്ച ശുപാർശ നമ്പർ 1, 2, 3 എന്നിവയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സമിതി അംഗീകരിച്ചു.

സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരുന്ന കേരള ഇൻഡസ്ട്രീസ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2008 നടപ്പിലാക്കൽ നീട്ടിവയ്ക്കുന്നത് സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭിച്ച ഗവൺമെന്റ് ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് നീട്ടി വയ്ക്കുന്നതിന് അനുമതി നൽകി.

സമിതിയുടെ അടുത്ത യോഗം 2010 ഡിസംബർ 15-ാം തീയതി രാവിലെ 11.30-ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം ഉച്ചയക്ക് 12.00 മണിക്ക് പിരിഞ്ഞു.

## അനുബന്ധം III

## 2010 ഡിസംബർ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV-ന്റെ യോഗം 2010 ഡിസംബർ 15-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-B' കോൺഫറൻസ് ഹാളിൽ സമിതിയുടെ ചെയർമാനും വ്യവസായ വകുപ്പുമന്ത്രിയുമായ ശ്രീ. എളമരം കരീമിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ, എം.എൽ.എ.
2. ശ്രീ. ബി. ബാബു പ്രസാദ്, എം.എൽ.എ.
3. ശ്രീ. പി. എം. എ. സലാം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എൽ. ശൈലജ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ജെ. ജെയിംസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. ടി. രാജേന്ദ്രൻ, അഡീഷണൽ ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്.
3. ശ്രീ. സി. ബലരാമൻ, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്.

അനധികൃത കരിങ്കൽ ഖനനം നിയന്ത്രിക്കുന്നതു സംബന്ധിച്ച് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് 1-12-2010-ൽ ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് സമിതിയിലെ എല്ലാ അംഗങ്ങൾക്കും നൽകണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. ഉത്തരവ് പരിശോധിച്ചശേഷം അതിൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടോയെന്ന് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാമെന്ന് ചെയർമാൻ നിർദ്ദേശിക്കുകയുണ്ടായി. അതിനായി സമിതിയുടെ അടുത്തയോഗം 2011 ജനുവരി 19-ന് രാവിലെ 11.00 മണിക്ക് ചേരാമെന്നും അന്നേദിവസം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നു ലഭിച്ച റിപ്പോർട്ടുകൂടി പരിഗണിക്കാമെന്നും തീരുമാനിച്ചു.

യോഗം രാവിലെ 11.20-ന് പിരിഞ്ഞു

## അനുബന്ധം IV

## 2011 ജനുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV-ന്റെ യോഗം 2011 ജനുവരി 19-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V B കോൺഫറൻസ് ഹാളിൽ സമിതിയുടെ ചെയർമാനും വ്യവസായ വകുപ്പുമന്ത്രിയുമായ ശ്രീ. എളമരം കരീമിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെ പ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ, എം.എൽ.എ.
2. ശ്രീ. എൻ. അനിരുദ്ധൻ, ,,
3. ശ്രീ. ബി. ബാബു പ്രസാദ്, ,,
4. ശ്രീ. എ. സി. മൊയ്തീൻ, ,,
5. ശ്രീ. പി. എം. എ. സലാം, ,,
6. ശ്രീ. വി. ശശികുമാർ, ,,

### നിയമസഭാ സെക്രട്ടറിയേറ്റ്

1. ശ്രീമതി എൽ. ശൈലജ, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. ജെ. ജെയിംസ്, അണ്ടർ സെക്രട്ടറി.

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീമതി ജി. പുഷ്പകുമാരി, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.
3. ശ്രീ. ടി. രാജേന്ദ്രൻ, ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്.
4. ശ്രീ. ആർ. രാധാകൃഷ്ണൻ നായർ, സീനിയർ ജിയോളജിസ്റ്റ്.

വയനാട് ജില്ലയിലെ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമർപ്പിച്ച റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടു ക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി താഴെപ്പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു.

വയനാട് ജില്ലയിലെ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്വാറി പ്രവർത്തനം മുടങ്ങിക്കിടക്കുന്ന തായി മനസ്സിലാക്കാൻ സാധിച്ചതിനാൽ ഇതിനെക്കുറിച്ചുള്ള വിശദീകരണം സമിതി ചെയർമാൻ വകുപ്പിനോട് ആരാഞ്ഞു. വയനാട്ടിൽ 148 ക്വാറികൾക്കാണ് മൈനിംഗ് ആന്റ് ജിയോളജിവകുപ്പ് ലൈസൻസ് നൽകിയിട്ടുള്ളതെന്നും എക്സ്പ്ലോസീവ് ലൈസൻസ് ഇല്ലാത്ത ക്വാറികൾക്കെതിരെയാണ് ഹൈക്കോടതി വിധി വന്നതെന്നും

അതനുസരിച്ച് എക്സ്പ്ലോസീവ് ലൈസൻസ് കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെയും ലൈസൻസ് ഇല്ലാതെ ക്വാറികൾ പ്രവർത്തിക്കാൻ പാടില്ലെന്ന് ജനുവരി 5-ാം തീയതി കോടതി കർശന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കോടതി വിധിക്കുശേഷം ഭൂരിപക്ഷം ക്വാറികളും പ്രവർത്തിക്കാതിരിക്കുന്നത് വലിയൊരുപ്രശ്നം തന്നെയാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. കൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾകൂടി അദ്ദേഹം സമിതി അംഗങ്ങളെ അറിയിക്കുകയുണ്ടായി. ഗവൺമെന്റ് അടുത്തകാലത്തായി ഒരു ഹൈലെവൽ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നു. ക്യാബിനറ്റ് തീരുമാന പ്രകാരം പെർമിറ്റ് കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. എക്സ്പ്ലോസീവ് ലൈസൻസ് നൽകേണ്ട സെൻട്രൽ ഓഫീസ് ചെന്നൈയിലാണ് സ്ഥിതിചെയ്യുന്നത്. അവിടെനിന്ന് ലൈസൻസ് കിട്ടുന്നതിന് കാലതാമസം നേരിടും, സിംഗിൾ ഓണർ പാടില്ല. അതുകൊണ്ട്, അതിനുപകരമായി കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ചുള്ള സൊസൈറ്റി രൂപീകരിക്കുകയും സ്ട്രോംഗ് റൂമും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൊസൈറ്റിയിലെ അംഗങ്ങൾക്ക് സ്റ്റോറിൽ നിന്നുതന്നെ സാധനങ്ങൾ ട്രാൻസ്ഫർ ചെയ്യാനുള്ള അനുമതിയുമുണ്ട്. 2008-ലെ എക്സ്പ്ലോസീവ് റൂൾസ് അനുസരിച്ച് 25 കിലോഗ്രാം വരെ എക്സ്പ്ലോസീവ് സൂക്ഷിക്കുന്നതിന് അനുമതി നൽകാൻ ജില്ലാകളക്ടർമാർക്ക് അധികാരമുണ്ട്. ഈ അധികാരം പല കളക്ടർമാരും വിനിയോഗിക്കുന്നില്ല. റിസ്ക് എടുക്കേണ്ട എന്നുകരുതിയാണ് പല കളക്ടർമാരും മടിച്ചുനിൽക്കുന്നത്. അങ്ങനെയാണെങ്കിൽ ചെറുകിട കോൺട്രാക്ടർമാർക്ക് അത് നൽകണമെന്നാണ് ക്യാബിനറ്റിന്റെ മറ്റൊരു തീരുമാനം. ബ്ലാസ്റ്റ്മെൻ സ്കിൽഡ് പേഴ്സൺ എല്ലാ ക്വാറികളിലും ഉണ്ടാകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ബ്ലാസ്റ്റ്മെൻ ലൈസൻസുള്ള ഒരാളും ഇപ്പോൾ കേരളത്തിലില്ല. അതുകൊണ്ട് ഷോട്ട്ഫയർ ലൈസൻസുള്ളവർക്ക് ക്വാറികളിലെ പ്രവൃത്തികൾ നടത്താനുള്ള അനുമതി നൽകണമെന്ന് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനും നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പാസ്സായി സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് തൽക്കാലത്തേക്ക് ഈ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്ക് കത്തെഴുതാൻ തീരുമാനിച്ചു. തൽക്കാലം ഷോട്ട്ഫയർ ലൈസൻസ് ഉള്ളവർക്ക് അധികാരം കൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ക്വാറിയിംഗിന് ആവശ്യമായ പാറകൾ റബ്ബർ പ്ലാന്റേഷനുകളിലും കോഫി പ്ലാന്റേഷനുകളിലും ധാരാളം ഉണ്ട്. പാറക്കെട്ടുകൾ ഉള്ള സ്ഥലം വനമേഖലയിലും ധാരാളം ഒഴിഞ്ഞുകിടപ്പുണ്ട്. ഈ കാര്യത്തെക്കുറിച്ച് പഠനം നടത്തുന്നതിനായി ലാന്റ് റവന്യൂ കമ്മിഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് വ്യവസായവകുപ്പ് സെക്രട്ടറി ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. പാറയുടെ ലഭ്യത സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മിഷണറുടെ റിപ്പോർട്ടും കൂടാതെ വ്യവസായ വകുപ്പും വനംവകുപ്പും പഠനം നടത്തിയ റിപ്പോർട്ടും വനമേഖലയുടെ കാര്യത്തിൽ കേന്ദ്രാനുമതിയും ആവശ്യമായി വരുന്നുണ്ട്. ഇത് കിട്ടിയാൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളു. ഗവൺമെന്റ് ഭൂമി ലീസിന് കൊടുക്കുന്ന പതിവുണ്ട്. പുറംപോക്ക് ഭൂമി കഴിയുന്നത്ര സിംപ്ലിഫൈ ചെയ്ത്

ലേല വ്യവസ്ഥയിലേക്ക് കൊണ്ടുവന്ന് കൊടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ ലേല വ്യവസ്ഥയിലേക്ക് പോകുമ്പോൾ അത് വൻകിടക്കാർ കൈയ്യടക്കും. അപ്പോൾ സ്വാഭാവികമായും മെറ്റീരിയൽസിന്റെ വില വർദ്ധിക്കാനിടയാകും. അതിനാൽ ഈ കാര്യം ഒന്നുകൂടി പരിശോധിക്കണം. എല്ലാ ജില്ലകളിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ച് റവന്യൂ അധികൃതരും ജിയോളജി ഡിപ്പാർട്ട്മെന്റും പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് അപേക്ഷ കിട്ടുന്ന മുറയ്ക്ക് അവർക്ക് എക്സ്പ്ലോസീവ് ലൈസൻസ് കൊടുക്കണമെന്നാണ് 1-12-2010-ലെ ഉത്തരവിലുള്ളത്. പല പ്രദേശത്തും ക്വാറി പ്രവർത്തനങ്ങൾ സ്തംഭിച്ചുകിടക്കുകയാണെന്നും, വികസന പ്രവർത്തനങ്ങൾ മുടങ്ങുന്നു എന്നും വ്യാപകമായ പരാതിയുണ്ട്. അതാത് ജില്ലകളിലെ എം. എൽ. എ. മാർക്ക് ഇടപെടാനുള്ള അവസരമുണ്ടാക്കാനാണ് ഈ ഉത്തരവ് നൽകിയത്. വയനാട്ടിലെ ക്വാറി ഉടമകൾ തമ്മിലുള്ള തർക്കത്തിലാണ് കോടതിയിൽ പോകേണ്ടിവന്നത്. ആദ്യം ഹൈക്കോടതിയിൽ ചീഫ് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായ റിപ്പോർട്ടാണ് ജില്ലാകളക്ടർ നൽകിയത്.

ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് തെറ്റാണെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആ സ്റ്റേറ്റ്മെന്റിൽ 134 ക്വാറികളുടെ കാര്യമാണ് പറഞ്ഞിട്ടുള്ളതെന്നും അതിൽ 36 ക്വാറികൾക്ക് ലൈസൻസ് ഇല്ലാത്തതുകൊണ്ട് അവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവ് വന്നു. രണ്ട് ക്വാറികൾക്ക് 20-7-2010 വരെ ലൈസൻസുണ്ട്. ഇപ്പോൾ കൊടുത്ത റിപ്പോർട്ടിലും അത്തരത്തിൽ ചെറിയൊരു പിശക് പറ്റിയിട്ടുണ്ടെന്ന് അദ്ദേഹം സമിതിയെ ധരിപ്പിച്ചു.

ക്വാറികൾക്ക് പെർമിഷൻ കൊടുക്കുന്നതിന് ഒരു സിംഗിൾ വിൻഡോ മെക്കാനിസം ഉണ്ടാക്കുന്നതിനായി ജില്ലാകളക്ടർ ചെയർമാനും ഇൻഡസ്ട്രീസ് ജനറൽ മാനേജർ കൺവീനറും പോലീസ്, മൈനിംഗ് ആന്റ് ജിയോളജി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, പഞ്ചായത്ത് എന്നീ വകുപ്പുകളിൽ നിന്നും ഓരോ മെമ്പർമാരും അടങ്ങുന്ന ഒരു സംവിധാനം എല്ലാ ജില്ലകളിലും വേണമെന്ന് സമിതിയിൽ ചെയർമാൻ അറിയിച്ചു. ക്വാറി ഉടമകളുമായി ചർച്ച ചെയ്തിട്ടാണ് സിംഗിൾ വിൻഡോ മെക്കാനിസം നടപ്പാക്കാൻ തീരുമാനിച്ചത്.

എക്സ്പ്ലോസീവ് ലൈസൻസ് കൊടുക്കുന്നത് ചെന്നൈയിൽ നിന്നാണെന്നും ലാൻഡിന്റെ കാര്യം നോക്കുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റും എല്ലാ ലൈസൻസും ഉണ്ടോ എന്ന് പരിശോധിച്ച് പെർമിറ്റ് കൊടുക്കുന്നത് പഞ്ചായത്ത് സെക്രട്ടറി യുമാണെന്നും എന്തെങ്കിലും പ്രശ്നമുണ്ടായാൽ അതിനുത്തരവാദി പഞ്ചായത്ത് സെക്രട്ടറിയാണെന്നും പല സ്ഥലങ്ങളിലും ബ്ലാസ്റ്റർമാരെ കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാൽ ഷോട്ട്ഫയർ ലൈസൻസികൾക്ക് ചെയ്യാനുള്ള അധികാരം കൊടുക്കുന്നതാണ് നല്ലതെന്ന് വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ലൈസൻസ് കിട്ടികഴിഞ്ഞാൽ അത് പലവിധത്തിൽ ദുരുപയോഗപ്പെടുത്തുന്നതായി സമിതി ചൂണ്ടികാണിച്ചു. കൃഷിക്കായി നൽകിയിട്ടുള്ള സ്ഥലത്ത് ബന്ധപ്പെട്ടവർ തന്നെ അനുമതി വാങ്ങിയാൽ നിയമപരമായി ഒരു പ്രശ്നവുമില്ലെന്ന് നിയമവകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുള്ളതായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ

സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കിയാൽ മതിയാകുമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ഹൈക്കോടതി വിധിക്കുശേഷം എത്ര ക്വാറികൾ അടച്ചുപൂട്ടി, മൈനിംഗ് ആന്റ് ജിയോളജിയുടെയും ഫയർഫോഴ്സിന്റെയുമൊക്കെ ലൈസൻസുണ്ടായിട്ടും ക്വാറികൾ അടച്ചുപൂട്ടാൻ കാരണമെന്താണ് ഇതുമൂലം ക്വാറികളിലെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വയനാട് ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് ചർച്ചചെയ്ത് വിശദമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം സമിതിക്ക് ലഭ്യമാക്കണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ വിഷയം ചർച്ചചെയ്ത് വേണ്ട തീരുമാനമെടുക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.